വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസമേനോൻ) : പുതിയ സെക്ഷനുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പഠനം പൂർത്തിയാക്കിയതിനുശേഷം നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കു വിധേയമായി ഊർജ്ജിതമായ നടപടി മഞ്ചേശ്വരത്തു കൈക്കൊള്ളുന്നതാണ്.

(39) വലപ്പാട് ഗവൺമെൻറ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വലപ്പാട് തീരപ്രദേശത്തുള്ള ഏക ഗവൺമെൻറാശുപത്രിയാണ് വലപ്പാട് ഗവൺമെൻറാശുപത്രി. 75 വർഷം മുൻപ് ബ്രിട്ടീഷുകാർ സ്ഥാപിച്ചതാണ് ഈ ആശുപത്രി. അതിനുശേഷം മാറി മാറി വന്ന ഗവൺമെൻറുകൾ ആ ആശുപത്രിയുടെ വികസനത്തിനുവേണ്ടി യാതൊന്നും ചെയ്തിട്ടില്ല. ഒരു താലൂക്കുതല ആശുപത്രിയുടെ സൗകര്യം കിട്ടണമെങ്കിൽ വലപ്പാട്ടുകാർക്ക് 25 കിലോ മീറ്റർ പോകണം. അതുകൊണ്ട് വലപ്പാട് ഗവൺമെൻറാശുപത്രി ഒരു താലൂക്കുതല ആശുപത്രിയായി ഉയർത്തുന്നതിന് ഗവൺമെൻറിനോടും മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, വലപ്പാട് ആശുപത്രി പഴയ മലബാർ പ്രദേശത്തുള്ള നാട്ടികയിലെ പ്രധാന ആശുപത്രിയാണ്. 65 കിടക്കകളുണ്ട്. 65 കിടക്കകൾക്കാവശ്യമായ ഡോക്ടർമാരുടെ സ്റ്റാഫ് പൊസിഷൻ വച്ച് നോക്കുമ്പോൾ മൂന്നു ഡോക്ടർമാരും മറ്റു സ്റ്റാഫുമുണ്ട്. അവരുടെ ആവശ്യമായി ഉയർന്നുവന്നത് ഒരു താലൂക്കാശുപത്രിയുടെ നിലയിൽ അത് ഉയർത്തണമെന്നാണ്. ഗുരുവായൂർ താലൂക്കിൽ ഗുരുവായൂർ താലൂക്ക് ആശുപത്രിയുണ്ട്. രണ്ടാമത് ഒരു താലൂക്കാശുപത്രിയെപ്പറ്റി ആലോചിക്കാനൊക്കില്ല. രണ്ടാമതൊരു താലൂക്ക് ആശുപത്രിയെപ്പറ്റി ആലോചിക്കാനൊക്കാത്തതുകൊണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെൻറാക്കണമെന്നാണ് സജസ്റ്റ് ചെയ്തിരിക്കുന്നത്. 8-ാം പദ്ധതിയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറുകളുടെ കാര്യം പരിശോധിക്കുമ്പോൾ വലപ്പാടും ആ പരിശോധനയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

(40) കൊടുങ്കാറ്റുമൂലം അങ്കമാലിയിൽ ഉണ്ടായ നാശനഷ്ടം

ശ്രീ. എം. വി. മാണി : സർ, ഈ കഴിഞ്ഞ രണ്ടാം തീയതി വൈകുന്നേരം എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട തുറവൂർ, മഞ്ഞപ്ര, അയ്യംപുഴ, മൂക്കന്നൂർ മുതലായ പഞ്ചായത്തുകളിലുണ്ടായ കൊടുങ്കാറ്റിൻറെ ഫലമായി 1000 കണക്കിന് വാഴയും 100 കണക്കിന് ജാതിയും റബർ മരങ്ങളുമൊക്കെ ഒടിഞ്ഞ് തകർന്ന് കൃഷിക്കാർക്ക് വൻപിച്ച നാശനഷ്ടമുണ്ടായിരിക്കുകയാണ്. വാഴക്കൃഷിക്കാരൊക്കെ സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന വെറും പാവപ്പെട്ടവരാണ്. കുലച്ച് നിൽക്കുന്നതും കുലയ്ക്കാറായതുമായ വാഴകൾക്കാണ് നാശമുണ്ടായിട്ടുള്ളത്. അതുപോലെ ജാതിയൊക്കെ നട്ടുവളർത്തുന്നതിന് വർഷങ്ങളോളം പിടിക്കുന്നതാണ്. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. അടിയന്തിരമായി ഈ കൃഷിക്കാർക്ക് സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായം എത്തിച്ചുകൊടുക്കുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly